പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.289 29.06.2016 - ലെ മറുപടിക്ക്

**സംസ്ഥാനത്തെ സാമ്പത്തിക പ്രതിസന്ധി**

ചോദ്യം

ശ്രീ. സി. ദിവാകരൻ

ശ്രീ. ഇ.കെ.വിജയൻ

ശ്രീ. മുഹമ്മദ് മുഹാസിൻ

ശ്രീ. ഇ.റ്റി. ടൈസൺ മാസ്റ്റർ

ഉത്തരം

ഡോ. ടി.എം. തോമസ് ഐസക്

ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി

| | | |
|---|---|---|
| എ | സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധിയുണ്ടോ; എങ്കിൽ ഈ പ്രതിസന്ധി നേരിടുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | സംസ്ഥാനം അതീവ ഗുരുതരമായ ധന പ്രതിസന്ധിയെ നേരിടുകയാണ്. മുൻ സർക്കാർ അധികാരം ഒഴിയുമ്പോൾ 24.05.2016 - ൽ 1009.30 കോടിരൂപ മാത്രമാണ് ട്രഷറി ബിൽ ഹോൾഡിംഗ്സ് ഉണ്ടായിരുന്നത്.<br>എന്നാൽ 2016 മെയ് അവസാനത്തെ വകുപ്പുതല കണക്കുകൾ പ്രകാരം പെൻഷൻ കുടിശിക (1000 കോടിയിൽപ്പരം രൂപ), വിവിധ വകുപ്പുകൾക്കും മറ്റും കൊടുത്തുതീർക്കാനുള്ള ബില്ല് (2000 കോടി), കരാറുകാർക്കും ബിൽ റീ ഡിസ്കൗണ്ടിംഗ് ഇനത്തിൽ ബാങ്കിനും നൽകേണ്ടത് (1600 കോടി) എന്നിവയുൾപ്പെടെ 4600 കോടിയില്പരം രൂപ അടിയന്തിരമായി കൊടുത്തു തീർക്കാനുള്ള ബാധ്യതയായുണ്ട്. മാത്രമല്ല വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾ/ ക്ഷേമനിധികൾ/ ബോർഡുകൾ തുടങ്ങിയവയിൽ നിന്നും 1365 കോടി രൂപ സ്ഥിര നിക്ഷേപമായി സമാഹരിച്ചിട്ടുമുണ്ട്. അതുകൂടി ചേർത്താൽ ബാധ്യത 5965 കോടിയില്പരം രൂപ വരും. ഇടക്കാല ബഡ്ജറ്റ് പ്രകാരം 2016-2017 — ലെ റവന്യൂ കമ്മി 9,697 കോടി രൂപയാണ്. ധനകാര്യ വകുപ്പിന്റെ പുതിയ കണക്കുകൾ പ്രകാരം ഇത് 18,195 കോടി രൂപയായി ഉയരും 2016-17 - ൽ കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് വായ്പയെടുക്കാൻ അനുവാദം നൽകിയിരിക്കുന്നത് 18,524 കോടിരൂപ മാത്രമാണ്. ഇപ്പോൾ അനുവദിച്ചിരിക്കുന്ന മുഴുവൻ വായ്പയും നിത്യനിദാന ചിലവുകൾക്കായി ഉപയോഗിക്കേണ്ടി വരും. മൂലധനച്ചെലവുകൾക്ക് പണം ബാക്കിയുണ്ടാവില്ല എന്ന സ്ഥിതി വിശേഷമാണ് നിലവിലുള്ളത്.<br>റവന്യൂ വർദ്ധിപ്പിക്കാനുള്ള ആത്മാർത്ഥവും ഊർജിതവുമായ ശ്രമങ്ങൾ വഴി നിലവിലെ സാമ്പത്തിക പ്രതിസന്ധി മറികടക്കാനാവും ഇതോടൊപ്പം തന്നെ അനാവശ്യ ചെലവുകൾ |